# വിശ്വസിക്കുന്നതിനുള്ള വെല്ലുവിളി

അന്വേഷിക്കുന്ന ഒരു ചോദ്യം യേശു ലൂക്കൊസ് 18–ൽ ചോദിക്കുന്നുണ്ട്: "... മനുഷ്യപുത്രൻ വരുമ്പോൾ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ?" (വാക്യം 8).

വിശ്രമമില്ലാത്ത കുഴപ്പം പിടിച്ച യുഗത്തിലാണ് നാം ജീവിക്കുന്നത്. നമ്മൾ വർത്തമാന പത്രം എടുത്താൽ റേഡിയോയും ടെലിവിഷനും ശ്രദ്ധിച്ചാൽ ഇതു വ്യക്തമാകും. ലോകം മുഴുവനും ഹിംസയും വിപ്ലവവുമാണ് കേൾക്കുന്നത്. എല്ലാവർക്കും ചോദ്യങ്ങൾ ഉണ്ട്. പക്ഷേ കുറച്ചുപേർക്കേ ഉത്തരങ്ങൾ ഉള്ളൂ. പുതിയതൊന്നും പഴയതിനു പകരം സ്ഥിരമായതു വരാത്തതുകൊണ്ടു "പഴയതിനെ" മാറ്റി, നിർത്തിയിരിക്കുന്നു. ഫലമോ നിസംഗവും ശൂന്യവുമാണ്.

അത്തരം ലോകത്തിൽ, ഒരിക്കൽ ആളുകൾ പിടിച്ചിരിക്കുന്ന അവരുടെ വിശ്വാസം അടക്കം – ആക്രമിക്കപ്പെടുകയാണ്. ദൈവത്തിലുള്ള വിശ്വാസത്തെ നേരിട്ടു ആക്രമിക്കുന്നതു നാം കണ്ടിട്ടുണ്ട്. അനേകർക്കു ദൈവം ആവശ്യമില്ല എന്ന നിലയിൽ എത്തിയിരിക്കുന്നതായി മനുഷ്യരെ നോക്കുമ്പോൾ കാണാം. ഉദാഹരണത്തിനു, ആസ്ട്രേലിയയിലെ ഒരു കണക്കെടുപ്പുപ്രകാരം, "വളരെ വേഗത്തിൽ വളരുന്ന മതം" *നിരീശ്വരമതം* ആണെന്നു തെളിയിക്കുന്നു.

ബൈബിളിലെ വിശ്വാസത്തിന്മേലും ആക്രമണം തുടർന്നിരുന്നു. ആധുനിക നിരൂപണ സ്കൂളുകൾ ഒന്നും അവശേഷിക്കുന്നതുവരെ ബൈബിളിനെ മാറ്റിനിർത്തി. അസാധരണ ദൈവശ്വാസിയ ആശയത്തെ നിഷേധിച്ചിരുന്നു.

അതുപോലെ യേശുവിന്റെ ദൈവികത്വത്തിന്മേലും എതിർപ്പുകൾ തുടർന്നിരുന്നു. ഇതു വളരെ മൃദുവായിട്ടായിരുന്നു, കാരണം അനേകർ യേശുവിനെ വലിയ – പ്രവാചകൻ, മഹാനായ – ഗുരു, മഹത്തായ – ജീവിതം, മഹാവ്യക്തി എന്ന നിലയിൽ അധര – സേവനം നടത്തി

യിരുന്നു. ഇവയെല്ലാം പറയുകയും പ്രവർത്തിക്കുകയും ചെയ്തപ്പോൾ അത്തരം കാഴ്ച്ചപ്പാടു നിമിത്തം അവർക്കു, എല്ലാ മൂട്ടുകളും മടങ്ങേണ്ട കർത്താവിനെ ജീവിതത്തിൽ സ്വീകരിക്കുവാൻ തിരിച്ചറിഞ്ഞില്ല.

ശരിയുടേയും തെറ്റിന്റേയും നിലവാരത്തിന്മേലുള്ള ആക്രമണം സംശയത്തിന്റെ പേരിലായതുകൊണ്ട് പ്രായോഗിക ഫലമൊന്നുണ്ട്. ആളുകൾ "സാഹചര്യസിദ്ധാന്തങ്ങൾ" കണ്ടെത്താൻ തുടങ്ങി. ദൈവത്തിന്റെ പ്രഖ്യാപനങ്ങളിൽ പിന്നെ അവർ ആശ്രയിക്കാതെയായി. തെറ്റും ശരിയും അറിയുവാൻ അവർ ബൈബിളി നെയോ യേശുവിനെയോ ആശ്രയിക്കാതായി. മനുഷ്യൻ *തന്നെത്തന്നെ* ന്യായാധിപനാക്കി, അവന്റെ "ഏകനിയമം" "സ്നേഹ നിയമം" ആകുന്നു.

നമ്മുടെ കാലത്തു, ക്രിസ്തുവിന്റെ വചനം എത്ര അനുയോജ്യമെന്നു ചിന്തിക്കുക! "മനുഷ്യപുത്രൻ വരുമ്പോൾ വിശ്വാസം കണ്ടെത്തുമോ?" (ലൂക്കോസ് 18:8).

ഈ പാഠത്തിൽ ഒരു പ്രധാന ചോദ്യം ചോദിക്കുവാൻ ആഗ്രഹിക്കുന്നു: "ഇരുപത്തൊന്നാം നൂറ്റാണ്ടിൽ നമുക്കു ബൈബിളിലും, യേശുവിലും ദൈവത്തിലും, വിശ്വസ്സിക്കുവാൻ കഴിയുമോ?" ഞാൻ തറപ്പിച്ചു പറയാനാഗ്രഹിക്കുന്നതു എന്തെന്നാൽ ഇരുപത്തൊന്നാം നൂറ്റാണ്ടിലും കാലഹരണപ്പെടാത്ത ബൈബിൾ ഉപദേശങ്ങൾ, ഒരാൾക്കു വിശ്വസിക്കുവാൻ കഴിയും എന്നാണ്!

ഇതു പല രീതിയിൽ, പ്രദർശിപ്പിക്കുവാൻ കഴിയും. എന്നാൽ ഇരുപത്തൊന്നാം നൂറ്റാണ്ടിലും വിശ്വസിക്കാൻ കഴിയും എന്നതു യുക്തി *സഹജമാണെന്ന* ഒരു വിചാര - ഗതി എടുത്തു കാണിക്കട്ടെ. യുക്തി കൊണ്ടു മാത്രം സത്യത്തെ മുഴുവനായി കണ്ടെത്താൻ സാദ്ധ്യമല്ല; അതേ സമയം ഒരാൾ ക്രിസ്ത്യാനിയായി തീരുമ്പോൾ, അയാൾ ബുദ്ധിപരമായും യുക്തിപരമായും ചിന്തിക്കുന്നതു നിർത്തുവാൻ ദൈവം ആഗ്രഹിക്കുന്നില്ല.

നമ്മുടെ പഠനം രൂപപ്പെടുത്തിയിരിക്കുന്നതു അനേക കണ്ണികൾ കോർത്ത, ഒരു ചങ്ങലയാക്കിയിരിക്കുന്നതു പോലെയാണ്. നമ്മുടെ പഠനം തീരുമ്പോൾ, മുൻപു വ്യക്തമായി നിർവ്വചിച്ച ഘടകങ്ങൾ നോക്കി നിങ്ങളുടെ *തന്നെ* വിശ്വാസം പരിശോധിക്കുക.ഈ സമയത്തു, നിങ്ങൾ പറഞ്ഞേക്കാം, "ഇതുവരെ എനിക്കു മനസിലായി കൂടുതലായി ഒന്നുമറിയില്ല" നിങ്ങളുടെ "വിശ്വാസഹരണഫലം" കൃത്യസ്ഥാനത്തായിരിക്കണം അങ്ങനെ വരുമ്പോൾ ഈ പ്രസിദ്ധീകരണം തന്ന വ്യക്തിയെ സമീപിക്കണം; അതു കൂടുതൽ പഠിക്കുവാൻ സഹായിക്കും. അതു ആഴമായ പഠനത്തിനു വഴി തെളിക്കും

ഇനി, നമ്മുടെ വിഷയത്തിൽ നമുക്കു ശ്രദ്ധിക്കാം. ഞങ്ങൾക്കു വിവിധ ചിന്തകളെ *സ്പർശിക്കാനേ* കഴിയു, ഈ പദ്ധതി നിങ്ങൾക്കു സഹായകരമാകുമെന്നു പ്രത്യാശിക്കുന്നു.


**ഒരു ദൈവമുണ്ടെന്നു വിശ്വസിക്കുന്നതു**
**യുക്തിസഹജം തന്നെ**

സങ്കീർത്തനങ്ങൾ 14:1 പറയുന്നു, "ദൈവമില്ല എന്നു മൂഢൻ തന്റെ ഹൃദയത്തിൽ പറയുന്നു" (എംഫസിസ് മൈൻ; സങ്കീർത്തനങ്ങൾ 53:1). ബുദ്ധിയില്ലായ്മയെയല്ല എഴുത്തുകാരൻ ഇവിടെ എടുത്തു കാണിക്കുന്നത്. പക്ഷേ തനിക്കു ചുറ്റുമുള്ള നിരവധി തെളിവുകളെ കാണുവാൻ അവന്റെ കണ്ണു തുറക്കാതെ ഒരാൾ മൗഢ്യമായിരിക്കുന്നതിനെ ആണ് അവിടെ പറയുന്നത്.

സങ്കീർത്തനങ്ങൾ 19:1 പറയുന്നു, "ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു; ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു'' റോമർ 1:20 പറയുന്നു, ''ദൈവത്തിന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ [ദൈവത്തിന്റെ] അദൃശ്യലക്ഷണങ്ങൾ, ലോക സൃഷ്ടി മുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്കു തെളിവായി വെളിപ്പെട്ടു വരുന്നു, അവർക്കു പ്രതിവാദമില്ലാതിരിക്കേണ്ടതിനു തന്നേ".

ഞാൻ ബാലനായിരുന്നപ്പോൾ പ്രാസംഗികർ ലളിതമായ ചിത്രീകരണങ്ങൾ പലപ്പോഴും നടത്തി കേട്ടിട്ടുണ്ട്. അവരുടെ കയ്യിൽ നിന്നു വാച്ചഴിച്ചു പ്രഖ്യാപിക്കും, ഈ വാച്ചിന്റെ നിലനില്പ് അതുണ്ടാക്കിയ നിർമ്മാതാവിനെ വിളിച്ചോതുന്നതുപോലെ ലോകവും അതിന്റെ നിർമ്മാതാവിനെ പ്രഖ്യാപിക്കയാണ്. പലപ്പോഴും ഉപയോഗിച്ച ചിത്രീകരണമായതുകൊണ്ടു വിരസത - തോന്നാം. എന്നാൽ ആളുകൾ തിരിച്ചറിയുന്നതിനേക്കാൾ ഔന്നത്യം അതിനുണ്ട്.

ദൈവം ഉണ്ട് എന്നു ദീർഘമായി വാദിക്കാൻ ഞാൻ ആഗ്രഹിച്ചിരുന്നെങ്കിൽ ഞാൻ ഒരു മൂന്നുനിലകളുള്ള ശില ഉണ്ടാക്കും. അടിയിലെ നിലക്കു (1) *നിലനില്പ്* എന്നും അതിനു മുകളിൽ ഉള്ള നിലയ്ക്കു (2) *ക്രമം*, എന്നും മുകളിലെ നിലക്കു (3) *രൂപം അല്ലെങ്കിൽ ഉദ്ദേശം* എന്നും പേരിടും:




വാച്ചിന്റെ ചിത്രീകരണവുമായി, ഓരോനിലയെയും ചുരുക്കമായി ഞാൻ വിവരിക്കാം:

*നിലനില്പ്:* വാച്ച് നിലവിലുണ്ട്. അതു ഇവിടെയുണ്ട്. അതിന്റെ സാന്നിധ്യം യാഥാർത്ഥ്യമാണ്. അതു എവിടെ നിന്നോ വരേണ്ടിയിരുന്നു.

*ക്രമം*: വാച്ച് നിലവിലുണ്ടെന്നു മാത്രമല്ല, അതു ക്രമാനുഗതമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അതിൽ പല പൽചക്രങ്ങളും, സ്പ്രിങ്ങുകളും, മറ്റു ഭാഗങ്ങളും ചേർന്നു ഒരുമിച്ച് ഏക ഘടകമായി പ്രവർത്തിക്കുന്നു. എല്ലാ ഭാഗങ്ങളും ശരിയായി പ്രവർത്തിക്കുന്നേടത്തോളം, അതു ക്രമമായും, അളക്കാവുന്ന രീതിയിലും പ്രവർത്തിക്കുന്നു.

*രൂപം*: വാച്ച് ക്രമമായി പ്രവർത്തിക്കുക മാത്രമല്ല, അതു ഒരു *ഉദ്ദേശം* നിറവേറ്റുകയും ചെയ്യുന്നു. അതു ആരുണ്ടാക്കിയാലും മനസിൽ, തീർച്ചയായും പ്രവർത്തിക്കുന്നതിനു രൂപം ഉണ്ടായിരുന്നു തീർച്ച. അതു സാധാരണ അതിന്റെ ഉദ്ദേശം നിറവേറ്റും: അതു സമയം പറയും.

അതുപോലെ, നാം ഈ പ്രപഞ്ചത്തെ നോക്കുമ്പോൾ, അതുണ്ടാക്കിയ നിർമ്മാതാവിനെ വിശ്വസിക്കുവാൻ മൂന്നു വാദഗതികൾ ഉണ്ട്: (1) പ്രപഞ്ചം *നിലനില്ക്കുന്നു*. (2) അതിലുപരി, അതു *ക്രമമായി* പ്രവർത്തി ച്ചുകൊണ്ടിരിക്കുന്നു; ദൈവത്തിന്റെ ശ്രേഷ്ഠമായ സമയമനുസരിച്ച് നാം നമ്മുടെ ക്ലോക്ക് ചലിപ്പിക്കുന്നു. (3) രൂപം (*ഉദ്ദേശം*) എല്ലാ വൃക്ഷത്തിലും പുല്ലിലും, കാണാം.

ദൈവത്തിന്റെ നിലനില്പിനെതിരായി സാധാരണ ഏറ്റവും അധികം വാദിക്കപ്പെടുന്നതു മുകളിലെ രണ്ടു നിലകൾക്കെതിരായിട്ടാണ്: *രൂപവും ക്രമവും* ചിലർ, പ്രളയത്തെയും കൊടുങ്കാറ്റിനേയും, ഭൂമികുലുക്കത്തെയും, സുനാമിയേയും ചൂണ്ടി കാണിക്കും. ചിലർക്കു നേരിടുന്ന വ്യക്തിപരമായ അപകടങ്ങളേയും ചൂണ്ടികാണിക്കും. ഇതെല്ലാം സംഭവിക്കുന്നതു കൊണ്ടു, ദൈവമില്ല എന്നു പറയും. എന്നാൽ, ഇവയൊന്നും അതിനുള്ള തെളിവുകൾ അല്ല.[1]

ആഴമായി ഈ നിലകളെ മൂന്നും വിശദമായി പരിശോധിക്കാൻ സമയമില്ല. അതുകൊണ്ടു നമ്മുടെ ശിലയുടെ – അടിത്തട്ടായ *നിലനില്പിൽ* നമുക്കു ശ്രദ്ധ ചെലുത്താം.

നമ്മുടെ വാച്ചിന്റെ ചിത്രീകരണത്തിലേക്കു മടങ്ങി വരാം. ഒരു പക്ഷേ നടപ്പാതയിൽ ഒരു കേടുവന്ന വാച്ചു കിടക്കുന്നു എന്നു വിചാരിക്കുക? അതു നിന്നു പോയതുകൊണ്ട് കളഞ്ഞതാകാം – അതിൽ ആളുകൾ ചവുട്ടിപോയിരിക്കാം. അതു ശരിയായ സമയം കാണിക്കുന്നില്ല; അതു നടക്കുന്നുണ്ടായിരിക്കയില്ല. *അതിന്റെ അർത്ഥം വാച്ചുണ്ടാക്കിയ ആൾ ഇല്ലെന്നാണോ?* അല്ല, തെളിവു അവിടെത്തന്നെയുണ്ട് – അതു കേടുവന്നിട്ടുണ്ടെങ്കിലും തെറ്റില്ലാത്ത വ്യക്തമായ – തെളിവാണ് അതു നല്കുന്നത്. വാച്ച് അപ്പോഴും *നിലവിലുണ്ട്*.

അതു നിലവിലുണ്ടെങ്കിൽ, എവിടെനിന്നു വന്നു?

രണ്ടു വിധത്തിലുള്ള നിലനില്പ്പുണ്ടെന്നു പറഞ്ഞു കേട്ടിട്ടുണ്ട്: മനസും കാര്യവും. ഒന്നുമില്ലായ്മയിൽ നിന്നും എന്തെങ്കിലും വരാൻ കഴിയാത്തതുകൊണ്ടു ഒന്നു നിത്യവും പുറപ്പെടുവിക്കുന്നതുമാണ്. ഒന്നുകിൽ മനസു എല്ലായ്പ്പോഴും നിലനില്ക്കുകയും കാര്യം പുറപ്പെ

ടുവിക്കുന്നതുമാണ്. അല്ലെങ്കിൽ കാര്യം എപ്പോഴും നിലനില്ക്കുകയും മനസിനെ പുറപ്പെടുവിക്കയും ചെയ്യണം. ജീവനില്ലാത്ത, ചിന്തിക്കാൻ പറ്റാത്ത വെറും പദാർത്ഥത്തിനു ജീവനുള്ള, ചിന്തിക്കുന്ന, വികാര മുള്ള ധാർമ്മിക മനസാക്ഷിയുള്ള, മനസിനെ പുറപ്പെടുവിക്കുവാൻ സാദ്ധ്യമല്ല: പിന്നെ ആദ്യത്തേതിനു മാത്രമെ സാദ്ധ്യതയുള്ളൂ. നിത്യ മായ മനസിനു മാത്രമെ ഒരു കാര്യം നടത്തുവാൻ കഴിയു.

എന്റെ സ്നേഹിതൻ, ജിം വാൾഡ്രൻ, ഈ ചിത്രീകരണം നടത്തു കയുണ്ടായി. അദ്ദേഹം പ്ലെയിനിൽ പാക്കിസ്ഥാനിലേക്കു പറക്കുമ്പോൾ അടുത്തു ഒരു റഷ്യക്കാരൻ ഇരുന്നിരുന്നു. അവർ രണ്ടു പേരും സംഭാ ഷണം തുടങ്ങി, അതു മതപരമായ കാര്യങ്ങളിലേക്കു കടന്നു. ദൈവം ഈ ലോകത്തെ സൃഷ്ടിച്ചു എന്നു വിശ്വസിക്കാത്ത ആളായിരുന്നു റഷ്യക്കാരൻ. അവസാനം ജിം അദ്ദേഹത്തോടു ചോദിച്ചു, "നിങ്ങളുടെ കുട്ടികൾ റഷ്യയിൽ, മണ്ണു കുഴച്ചു പലഹാരങ്ങൾ ഉണ്ടാക്കാറുണ്ടോ?" അദ്ദേഹം ചിരിച്ചുകൊണ്ടു പറഞ്ഞു ഉവ്വ് റഷ്യയിൽ കുട്ടികൾ മണ്ണു കൊണ്ടു പലഹാരങ്ങൾ ഉണ്ടാക്കി കളിക്കും എന്നു പറഞ്ഞു.

ജിം പറഞ്ഞു, "ഞാൻ വരുന്ന എന്റെ രാജ്യത്തിലെ കുട്ടികളും മണ്ണുകുഴച്ചു പലഹാരങ്ങൾ ഉണ്ടാക്കും എന്നതു കൗതുകം ഉണർത്തു ന്നു. വാസ്തവത്തിൽ, ഞാൻ ലോകത്തിൽ എവിടെയെല്ലാം സഞ്ചരി ച്ചിട്ടുണ്ടോ, അവിടെയെല്ലാം കുട്ടികൾ മണ്ണു കുഴച്ചു പലഹാരങ്ങൾ ഉണ്ടാ ക്കുന്നുണ്ട്. എന്നാൽ ഞാൻ ഒരിക്കലും കണ്ടിട്ടില്ലാത്ത കാര്യമുണ്ട്: അതു *മണ്ണു കുഴച്ചുണ്ടാക്കിയ പലഹാരം ഒരിക്കലും ഒരു കുട്ടിയെ ഉണ്ടാക്കു ന്നതു കണ്ടിട്ടില്ല."*

പെട്ടെന്നു പോയിന്റ് "മനസിലേക്കും" "വസ്തുതയിലേക്കും" കട ന്നു. മനസ്സിനു വസ്തുതയെ കൈകാര്യം ചെയ്യുവാനുള്ള, കഴിവുണ്ട്. എന്നാൽ പ്രപഞ്ചത്തിനു കഴിവില്ല. ജിം പുഞ്ചിരിയോടെ അവസാനി പ്പിച്ചു: "വ്യക്തിപരമായി,കുട്ടികൾ മണ്ണുകൊണ്ടു പലഹാരം ഉണ്ടാക്കു ന്നതാണ്, മൺപലഹാരങ്ങൾ കുട്ടിയെ ഉണ്ടാക്കുന്നു എന്നുപറയുന്ന തിനേക്കാൾ വിശ്വസിക്കാൻ എളുപ്പം."

ചിലതു എപ്പോഴും, ചിലതു തന്നെ ആയിരിക്കും – ഒന്നും ഒന്നുമി ല്ലായ്മയിൽ നിന്നു വരുന്നില്ല. ഈ ലോകം എന്നും ഇങ്ങനെ തന്നെ ആയിരുന്നോ, അതോ ഏതെങ്കിലും സമയത്തു നിർമ്മിച്ചതോ?

കുറച്ചു വർഷങ്ങൾക്കു മുമ്പ്, *വികസിക്കുന്ന ലോകത്തിൽ ദൈവത്തെ കുറിച്ചുള്ള തെളിവുകൾ,* എന്ന ഒരു പുസ്തകം വായിച്ചു. വ്യത്യസ്തമേഖലകളിലുള്ള നാല്പതു ശാസ്ത്രജ്ഞന്മാരാൽ എഴുത പ്പെട്ടതായിരുന്നു അത്. അവരിൽ മിക്കപേരും തങ്ങളുടെ ഗവേഷണ ത്തിൽ നിന്നും പ്രപഞ്ചം "ചുരുങ്ങികൊണ്ടിരിക്കുന്നു" എന്നതിനു തെളി വുകൾ നിരത്തിയതായി ഞാൻ കണ്ടു. പല രീതിയിൽ അതിനെ തീ കത്തുന്നതുമായി ബന്ധപ്പെടുത്തി, മുകൾ ഭാഗം താഴേക്കു വരുന്ന

തായി, എല്ലാം അവർ അതിൽ പറയുന്നുണ്ട്. എങ്ങനെയായാലും ഇതിൽ നിന്നു രണ്ടു സത്യം തെളിയപ്പെടുന്നു: (1) ലോകം നിത്യ*മല്ല,* നശ്വരമാണ്. (2) ഒരിക്കൽ അതിനു *ആരംഭമുണ്ടായിരുന്നു.*[2]

ഒന്നുമില്ലായ്മയിൽ നിന്നു ഒന്നും വരാനിടയില്ലാത്തതുകൊണ്ടു, പ്രപഞ്ചത്തിന്റെ വിവരങ്ങൾക്കും ശക്തിക്കും മതിയായ തെളിവു തരുന്നു. ഇതിന്റെ പിന്നിൽ ഒതു നിത്യമനസ്സ് പ്രവർത്തിച്ചിട്ടുണ്ട് എന്നതാണ് അത് – അഥവാ ദൈവം.


നിങ്ങൾക്കു ചുറ്റും നോക്കുക. നിങ്ങൾ പാർക്കുന്ന വീട് യാദൃശ്ചികമായുണ്ടായതാണോ? എബ്രായർ 3:4 ഇതിനെ സാധൂകരിക്കുന്നു: "ഏതു ഭവനവും ചമപ്പാൻ ഒരാൾ വേണം, സർവ്വവും ചമച്ചവൻ ദൈവം തന്നെ."[3]

## ദൈവം സർവ്വവും സൃഷ്ടിച്ചു എന്നതു വിശ്വസനീയം തന്നെ

തെറ്റു പറ്റാത്ത അടയാളങ്ങൾ ഈ പ്രപഞ്ചത്തെ ഒരു *നിർമ്മാതാവുണ്ടാക്കിയതാണ്* എന്നതാണ് നാം ചൂണ്ടിക്കാണിച്ചുതന്നത്. ഇനി, നമുക്കു മറ്റു ദിശയിൽ കൂടെ നമുക്കു ചുറ്റും ഒന്നു കണ്ണോടിക്കാം: ഈ *നിർമ്മാതാവാണ്* വാസ്തവത്തിൽ ലോകത്തെ *ഉണ്ടാക്കിയത്.* അതു യാദൃശ്ചികമായി ഉണ്ടാക്കിയതാണ്; ക്രമപ്പെടുത്തിയതാണ്; *രൂപപ്പെടുത്തിയതാണ്.*

ഈ വസ്തുതയുടെ ഉള്ളിലേക്കു നമുക്കു കടക്കാം. ദൈവം സർവ്വത്തെയും സൃഷ്ടിച്ചു, എന്നതു വിശ്വസനീയമാകയാൽ *മനുഷ്യനെയും ദൈവം സൃഷ്ടിച്ചു എന്നതു വിശ്വസനീയം* തന്നെ – ദൈവം *നിങ്ങളെയും എന്നെയും* സൃഷ്ടിച്ചു.

കുറച്ചു മുൻപു ഞാൻ ഒരു ശിലയെ പരിചയപ്പെടുത്തിയല്ലോ. മനുഷ്യനു തന്നെ ഈ "തെളിവ്" ഉപയോഗിക്കാതെ മാറ്റിവെച്ചു. എങ്ങനെയായാലും ഞാൻ പറഞ്ഞു വരുന്നതിനു മനുഷ്യൻ തന്നെയാണ് ഏറ്റവും നല്ല ഉദാഹരണം.



കുറച്ചു നിമിഷമെടുത്തു നിങ്ങളെത്തന്നെ ഒന്നു നോക്കുക. മനുഷ്യ ശരീരം പോലെ ഒരു മെഷീനുമില്ല. മനുഷ്യകൈപോലെ ഒരു യന്ത്രസൂക്തവുമില്ല.[4] മനുഷ്യകണ്ണുപോലെ ഒരു ക്യാമറയുമില്ല. മനുഷ്യഹൃദയം പോലെ ഒരു പമ്പുമില്ല. സ്വയം തണുപ്പിക്കുന്ന ഒരു വ്യവസ്ഥ മറ്റൊരു പാക്കേജിലുമില്ല. സ്വചികിത്സനടത്തുന്ന ത്വക്ക് പോലെ, മനുഷ്യന്റെ ആന്തരിക അവയവങ്ങൾ പോലെ പ്രവർത്തിക്കുന്ന ഒരു ഫാക്ടറിയുമില്ല. ദാവീദിന്റെ വാക്കുകൾ ശ്രദ്ധിക്കുക, "ഭയങ്കരവും അതിശയവുമായി എന്നെ സൃഷ്ടിച്ചിരിക്കയാൽ" ഞാൻ നിനക്കു സ്തോത്രം ചെയ്യുന്നു (സങ്കീർത്തനങ്ങൾ 139:14).

ഉദാഹരണമായി മനുഷ്യമനസ്സ് എടുക്കാം. അതിശയകരമായ കംപ്യൂട്ടർ യുഗത്തിലാണ് നാം ജീവിക്കുന്നത്; തിരുവനന്തപുരം നിറഞ്ഞും ആകാശചുംബിയുമായ ഒരു കംപ്യൂട്ടർ നിങ്ങൾക്ക് ഉണ്ടാക്കാൻ കഴിഞ്ഞാലും, അതിനു ഒരു കുട്ടിയുടെ തലച്ചോറിന്റെ ക്രിയാത്മകതയും, സാമർത്ഥ്യവും, ശക്തിയും കൈവരിക്കാൻ സാദ്ധ്യമല്ല!

ജീവന്റെ ചെറിയ കോശത്തിൽ നിന്നാണ് നാം രൂപാന്തരപ്പെട്ടതെന്നാണ് പരിണാമസിദ്ധാന്തക്കാർ പറയുന്നത്. മറ്റു മൃഗങ്ങളുമായി – നാം ഈ കാര്യത്തിൽ മത്സരിക്കാൻ മതിയായ ശക്തിയോ വലുപ്പമോ ഇല്ലാത്തതുകൊണ്ടാണ് നമ്മുടെ മനസുകൾ വളർന്നതു എന്നാണ്, ഈ സിദ്ധാന്തക്കാർ പറയുന്നത്. എങ്കിലും വാസ്തവത്തിൽ നാം നമുക്കുള്ള ശക്തിയിൽ തലച്ചോറിന്റെ *ചെറിയൊരു ശതമാനം* മാത്രമെ വളർത്തി എടുക്കുന്നുള്ളൂ. "നിലവിലുള്ള" ഒരു സിദ്ധാന്തത്തിനും മനുഷ്യന്റെ മുന്നേറ്റത്തെ വിവരിക്കാൻ സാദ്ധ്യമല്ല. നിസ്സാരമായ വസ്തുത എന്തെന്നാൽ ദൈവമാണ് നമുക്കു മനസ്സ് തന്നതു എന്നത്രേ; ചിന്തിക്കുന്നവരെ ഉണ്ടാക്കി.

ഞാൻ ആവർത്തിക്കട്ടെ: ദൈവം മനുഷ്യനെ സൃഷ്ടിച്ചു എന്നതു വിശ്വസനീയമാണ്. നാം ദൈവത്തിന്റെ സാദൃശ്യത്തിലാണ് സൃഷ്ടിക്കപ്പെട്ടതു എന്നതു മുൻഗാമിയായ കുരങ്ങിൽ – നിന്നു എന്നതിലും വിശ്വസിക്കത്തക്കതു തന്നെ (ഉല്പത്തി 1:26)!

**ദൈവം മനുഷ്യനു ഒരു വെളിപ്പാട് നല്കി എന്നതും വിശ്വസനീയം**

ഈ ലോകം ദൈവത്തിന്റെ കൈവേല എങ്കിൽ, നാം എവിടെ നിന്നു വരുന്നു, എന്തിനാണിവിടെ, എന്താണ് ജീവിതം എന്നീ വിവരങ്ങൾ മനുഷ്യനു നല്കും.

നിങ്ങൾ ഒരു ദിവസം വീട്ടിലേക്കു വരുമ്പോൾ മുൻവശത്തു പുൽത്തകിടിയിൽ മിന്നിത്തിളങ്ങുന്ന ഒരു മെഷീൻ കഷണം കിടക്കുന്നു എന്നു വിചാരിക്കുക. അതു വളരെ സങ്കീർണ്ണമായ, മനോഹരമായ ഒരു ഉപകരണമാണ്. ഉയർന്ന കണ്ടു പിടിത്തമനുസരിച്ചു സംഘടിപ്പിക്കപ്പെട്ടത്, വളരെ പ്രധാനപ്പെട്ട ഉദ്ദേശത്തിനായി രൂപപ്പെടുത്തിയ

താണെന്നു വ്യക്തം. എങ്കിലും അതിന്റെ ഉദ്ദേശത്തെക്കുറിച്ചു സൂചന ഒന്നുമില്ല. മെഷീന്റെ പുറത്തു ഒരു വിവരണവും അടിച്ചിട്ടില്ല. നിർദ്ദേശങ്ങൾ അടങ്ങുന്ന പുസ്തകവുമില്ല, അതു എന്തിനു വേണ്ടി ഉണ്ടാക്കി എന്ന് *ഒരിക്കലും അറിയാതിരിക്കുന്നു* എന്നു ഊഹിക്കുക. അങ്ങനെ എങ്കിൽ നിങ്ങൾ താഴെകൊടുത്തിരിക്കുന്ന രണ്ടു നിഗമനങ്ങളിൽ ഒന്നിലെത്തും (1) അതുണ്ടാക്കിയ ആൾ അതിന്റെ ഉദ്ദേശം വെളിപ്പെടുത്തുന്നതിനു മുൻപു മരിച്ചിരിക്കാം, (2) അല്ലെങ്കിൽ അതുണ്ടാക്കിയ ആൾ ഒരു കിറുക്കൻ ആയിരിക്കാം.

നമുക്കു ചുറ്റുമുള്ള ലോകത്തെ നോക്കുമ്പോൾ - വളരെ മനുഷ്യനിർമ്മിത യന്ത്രങ്ങളെക്കാൾ കുഴഞ്ഞുമറിഞ്ഞതും സങ്കീർണ്ണവുമായ - പലതും കാണാം. സൃഷ്ടി കർത്താവ് ജീവിതമെന്തെന്ന് നമ്മോട് പറഞ്ഞിട്ടില്ലെങ്കിൽ, ഒന്നുകിൽ അവൻ ജീവനില്ലാത്തവനോ അല്ലങ്കിൽ ഭ്രാന്ത് ഉള്ളവനോ എന്നു കൂടെ നാം ഉൾപ്പെടുത്തണം. ദൈവം അങ്ങനെയുള്ളവനല്ല! അതുകൊണ്ടു അവൻ നമ്മോട് പറഞ്ഞിട്ടുണ്ട്, എബ്രായർ 1:1, 2 തികഞ്ഞ കാര്യകാരണവാക്കുകളാണ്: "ദൈവം, ... സംസാരിച്ചിട്ടുണ്ട് ..."

ദൈവം നമ്മോട് ആശയവിനിമയം നടത്തിയിട്ടുണ്ടെങ്കിൽ, ഇതിനർത്ഥം ചില *നിലവാരങ്ങൾ* ഉണ്ട് എന്നാണ്, മനുഷ്യൻ തന്നെത്താൻ ഒരു നിലവാര*മല്ല*. ബൈബിൾ പറയുന്നു, "യഹോവേ, മനുഷ്യന്നു തന്റെ വഴിയും നടക്കുന്നവന്നു തന്റെ കാലടികളെ നേരേ ആക്കുന്നതും സ്വാധീനമല്ല എന്നു ഞാൻ അറിയുന്നു" (യിരെമ്യാവ് 10:23).

ആ ആശയം എന്താണ് വ്യക്തമാക്കുന്നത്? ഉയർന്ന ചില ശക്തികളായ - ദൈവശ്വാസീയമെന്നു അവകാശപ്പെടുന്ന പല പുസ്തകങ്ങൾ ഇന്നുണ്ട്. അവയെല്ലാം പല പോയിന്റ്കളിലും പരസ്പരവിരുദ്ധമാണ്. നാം ദൈവത്തിന്റെ വെളിപ്പാടിലേക്കു തിരിയണം. നമ്മുടെ ചിന്ത ഒരു പടിമേൽ കൂടെ കയറേണ്ടിയിരിക്കുന്നു: *ബൈബിൾ എന്ന ദൈവിക വെളിപ്പാട് മനുഷ്യർക്കു നല്കി എന്നതു വിശ്വസനീയം തന്നെ.*

ബൈബിൾ ദൈവശ്വാസീയമെന്നു എടുത്തു കാണിക്കുന്ന ധാരാളം തെളിവുകൾ ഉണ്ട്: ഐക്യത, പുരാതനത്വം, ആധുനികത, ചരിത്രപരവും, ഭൂമിശാസ്ത്രപരവുമായ കൃത്യത, മേന്മ, സ്വാധീനം, അനശ്വരം, നിറവേറിയ പ്രവചനങ്ങൾ, തുടങ്ങി അനവധിയുണ്ട്. നമ്മുടെ സമയപരിധികൊണ്ട്, നാം തുടങ്ങിയ ചിന്താധാരയിൽ തന്നെ തുടരാം. ഇതു പരിഗണിക്കുക. ദൈവം ലോകത്തെ സൃഷ്ടിച്ചു, മനുഷ്യനെ ഭൂമിയിലാക്കി എങ്കിൽ, പിന്നെ മനുഷ്യനു ഒരു വെളിപ്പാടും നല്കി, *അപ്പോൾ ദൈവത്തിന്റെ ലോകത്തിൽ ജീവിക്കേണ്ടതെങ്ങനെ എന്നു മനുഷ്യർക്കു വേണ്ട വെളിപ്പാടു നല്കി എന്നതും വിശ്വസനീയമല്ലേ?*

ലോകം മുഴുവൻ നോക്കുക. മനുഷ്യൻ സമൃദ്ധി പ്രാപിച്ചതും,

ആവശ്യങ്ങൾ മതിയായത്ര, ലഭിച്ചതും മനുഷ്യജീവിതം ആദരിക്കയും സംരക്ഷിക്കപ്പെടുകയും ചെയ്ത രാജ്യങ്ങളെ തിരിച്ചറിയുക. കഴിഞ്ഞ കാലങ്ങളിൽ നിന്നും – ബൈബിൾ സ്വാധീനം ചെലുത്തിയ രാജ്യങ്ങ ളായിരുന്നു അവ – എന്നു നിങ്ങൾക്കു കണ്ടെത്താൻ കഴിയും.[6]

പൗലൊസ് പറഞ്ഞ വാക്കുകൾ സത്യമാണെന്നു ലോകം മുഴു വൻ തെളിയിക്കപ്പെട്ടിട്ടുണ്ട്: "എല്ലാ തിരുവെഴുത്തും ദൈവശ്വാസീയ മാകയാൽ ദൈവത്തിന്റെ മനുഷ്യൻ *സകല* സൽപ്രവർത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിന്നു; ഉപദേശത്തിന്നും, ശാസന ത്തിന്നും, ഗുണീകരണത്തിനും, നീതിയിലെ അഭ്യാസത്തിനും പ്രയോ ജനമുള്ളതു ആകുന്നു" (2 തിമൊഥെയൊസ് 3:16, 17; എംഫസിസ് മൈൻ).

ദൈവശ്വാസീയതയുടെ തെളിവോടെയാണ് ബൈബിൾ തന്നിരിക്കു ന്നത്. ബൈബിൾ വാസ്തവത്തിൽ ദൈവത്തിൽ നിന്നാണെന്നു വിശ്വ സിക്കാൻ നിങ്ങൾക്കു വിഷമം നേരിട്ടാൽ ബൈബിളിലേക്കു തിരിഞ്ഞു അതിലെ കാര്യങ്ങളുമായി അടുത്തു പരിചയപ്പെടുക. പൗലൊസ് പറ ഞ്ഞു, "വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചന ത്താലും വരുന്നു" (റോമർ 10:17).

ചിത്രീകരിക്കുന്നതിനായി, ഞാൻ കള്ളന്മാരെ പേടിയുള്ളതുകൊണ്ട് കിടക്കുമ്പോൾ തലയണക്കടിയിൽ ഒരു തോക്കു വെച്ചേക്കും എന്നു ഊഹിക്കുക. ഒരു രാത്രി ഒരാൾ എന്റെ മുറിയിൽ അതിക്രമിച്ചു കടന്നു എന്നു ചിന്തിക്കുക. എന്റെ തോക്കിന്റെ ശക്തിയു പയോഗിച്ചു ഞാൻ അയാളെ ഭയപ്പെടുത്താൻ ആഗ്രഹിക്കുന്നുവെങ്കിൽ എനിക്ക് എന്തു ചെയ്യാൻ പറ്റും?

രണ്ടു സമീപനങ്ങൾ എനിക്കു സ്വീകരിക്കാൻ പറ്റും. എനിക്ക് ലൈറ്റിട്ട്, എന്റെ തോക്ക് ചൂണ്ടി, പറയാം, "നിങ്ങൾ ഈ തോക്കു കണ്ടോ? ഇതിലെ പൊള്ളയായ ബാരൽ കാണുന്നില്ലേ? തോക്കിനുള്ളിൽ വെടി മരുന്നും ചിറ്റുകളും എല്ലാം നിറച്ചിട്ടുണ്ട്, ഇതിന്റെ കാഞ്ചി ഒന്നു വലി ച്ചാൽ മതി, നിന്റെ ശരീരം തുളച്ചുകീറിപോകും വിധത്തിൽ അതിശ ക്തമായി പ്രവർത്തിക്കും എന്നു പറയാം, അല്ലെങ്കിൽ മുകളിലെക്കു നിറയൊഴിച്ചു, ശബ്ദമുണ്ടാക്കികേൾപ്പിക്കാം, ഫലപ്രദമായതു ഇതു തന്നെയാണ് കാരണം കള്ളനെ വാക്കുകൾ കൊണ്ട് ഭീഷണിപ്പെടു ത്താൻ പറ്റിയ സന്ദർഭമല്ല അതു."

മറിച്ച്, എനിക്ക് വേണമെങ്കിൽ വായുവിലേക്ക് ഏതാനും വെടിവെക്കാം! അങ്ങനെയായാൽ, *അത്* കൂടുതൽ ഫലപ്രദമായിരിക്കും!

ബൈബിളിനെ *കുറിച്ചു*, എത്ര വേണമെങ്കിലും നമുക്കു സംസാരി ക്കാം. പക്ഷേ ബൈബിളിനു *ശക്തിയുണ്ട്* എന്ന കാര്യം മറക്കരുത്. "അതു ജീവനും ചൈതന്യവും ഇരു – വായ്ത്തലയുള്ള വാളിനേ ക്കാൾ മൂർച്ചയേറിയതുമാണ്" (എബ്രായർ 4:12). വ്യക്തികളുടെ ജീവിത

ശൈലികളെമാറ്റിയിട്ടുണ്ട്, ദേശങ്ങളേയും, ചരിത്രത്തെയും മാറ്റിയിട്ടുണ്ട്.

ബൈബിൾ ദൈവത്തിൽ നിന്നാണെന്നുള്ളതിനുള്ള, അവസാന തെളിവു നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങളുടെ ജീവിതത്തിൽ ഒരവസരം കൊടുക്കുക. വായിക്കുകയും പഠിക്കുകയും ചെയ്യുക (ശരിക്കും പഠിക്കുക). അതു നിങ്ങളുടെ ജീവിതത്തിൽ പ്രായോഗിക മാക്കുക. ജെ.ബി. ഫിലിപ്സ് പറഞ്ഞതുപോലെ, "അതിനു സത്യത്തിന്റെ വളയം ഉണ്ട്"!

**ദൈവം മനുഷ്യനെ സ്നേഹിക്കുന്നു എന്നതും സഹായിക്കാൻ ആഗ്ര ഹിക്കുന്നു എന്നതും - വിശ്വസിക്കുന്നത് ഉചിതം**

നാം ലോകത്തിൽ ചുറ്റും നോക്കുമ്പോൾ നമ്മുടെ ഓരോ ആവ ശ്യങ്ങളിലും കരുതലുള്ള *വ്യക്തിയാണ് ദൈവം* എന്നു പ്രകടമാക്കി യിരിക്കുന്നതു വിശ്വസിക്കുകയല്ലാതെ മാർഗ്ഗമില്ല. എനിക്കതുപൂർണ്ണ മായി മനസിലാക്കാൻ കഴിയില്ലെങ്കിലും, ദൈവം നമ്മെ വ്യക്തമായി സ്നേഹിക്കുന്നു.

കൃത്യമായും നിർവ്വഹിക്കുന്ന രീതിയിൽ - ജഡത്തിന്റെ ആവശ്യങ്ങൾ മുഴുവൻ നിറവേറ്റുവാനും മാത്രമായി അവനുണ്ടാക്കാമായിരുന്നു - പക്ഷേ ദൈവം അങ്ങനെ ചെയ്തില്ല. ദൈവം അതിനെ മനോഹരമായിട്ടാണ് നിർമ്മിച്ചത്. അവൻ പൂക്ക ളെയും ഉളവാക്കി. നിറമുള്ള പക്ഷികളെ ഉണ്ടാക്കി. അവൻ ഉണ്ടാക്കി യതെല്ലാം "നല്ലതുമായിരുന്നു" (ഉല്പത്തി 1:31).

ഏദെൻ തോട്ടത്തിൽ, ദൈവം എല്ലാതരത്തിലുമുള്ള വൃക്ഷങ്ങളെ ഉളവാക്കി (1) "*കാണ്മാൻ മനോഹരമായവ*" (2) *"തിന്മാൻ നല്ലതും"* (ഉല്പത്തി 2:9). "മനുഷ്യനു തക്കതായ ഒരു തുണയെ," ദൈവം ഉണ്ടാ ക്കിയപ്പോൾ ഒരു മാംസ പിണ്ഡമായി മക്കളെ പ്രസവിക്കാൻ വേണ്ടി മാത്രം ഉണ്ടാക്കാമായിരുന്നു അതിനു പകരം, മനുഷ്യജീവിതം അനു ഗ്രഹിക്കത്തക്കതായ ഒരു സൗന്ദര്യസൃഷ്ടിയെയാണ് രൂപപ്പെടുത്തിയി ട്ടുള്ളത്.

നാം മനുഷ്യന്റെ ആവശ്യങ്ങളിലേക്കു വരുമ്പോൾ, അന്തിമമായി ധാർമ്മികവും ആത്മികവുമായ ആവശ്യങ്ങളിലേക്കു എല്ലാവരും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ എപ്പോഴെങ്കിലും ആത്മീയ ദാഹം തോന്നിയിരിക്കില്ലേ? ദൈവ നിലവാരത്തിൽ നിന്നു താഴ്ന്നു പോയി ട്ടില്ല എന്ന് ആർക്കെങ്കിലും പറയാൻ കഴിയുമോ? എല്ലാ വ്യക്തികളും ചില സമയത്തു നിസ്സഹായാവസ്ഥയിലായി തന്നേക്കാൾ വലിയ ഒരാൾക്കൂട്ടം സഹായത്തിനു കിട്ടിയെങ്കിൽ എന്നു ആഗ്രഹിക്കാതിരു ന്നിട്ടുണ്ടോ? ബൈബിൾ പറയുന്നു, "എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായി തീർന്നു" (റോമർ 3:23).

പിന്നെ, ദൈവം നമ്മെ സ്നേഹിക്കയും, കരുതുകയും ചെയ്യുന്നു

എന്നറിയുമ്പോൾ, ദൈവം നമുക്കായി ഒരുക്കിയിരിക്കുന്ന ആത്മീയ ദാനങ്ങളെ കുറിച്ച് അറിയുമ്പോൾ ഒട്ടും അതിശയിക്കാതിരിക്കയില്ല. തന്റെ പുത്രനിൽ നമ്മുടെ പാപത്തിന്റെ ശിക്ഷ അവൻ ചുമത്തി, തുടർച്ച യായ ആത്മീയ സഹായം യേശുവിൽ ലഭ്യമാക്കി. ലളിതമായി പറയട്ടെ. ദൈവ സ്നേഹത്തിന്റെ വെളിച്ചത്തിൽ, താഴെ പറയുന്ന ഭാഗങ്ങൾ വിശ്വ സനീയമാണ്:

> "തന്റെ ഏകജാതനായ പുത്രനിൽ, വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു, ദൈവം അവനെ നല്കുവാൻ തക്കവണ്ണം, ലോകത്തെ സ്നേഹിച്ചു (യോഹ ന്നാൻ 3:16)."

> ... ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി തിരുവെഴുത്തിൻ പ്രകാരം, മരിച്ചു, അടക്കപ്പെട്ടു, തിരുവെഴുത്തുകളിൻ പ്രകാരം മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു (1 കൊരിന്ത്യർ 15:3, 4).

> ആകയാൽ, ദൈവപുത്രനായ യേശു ആകാശത്തിൽ കൂടി കടന്നു, ... പോയതു ശ്രേഷ്ഠമഹാപുരോഹിതനായി നമുക്കു ഉള്ളതു കൊണ്ടു, നാം നമ്മുടെ സ്വീകാരം മുറുകെ പിടിച്ചു കൊൾക. നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല. പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളതു. അതുകൊണ്ടു കരുണ ലഭിപ്പാനും തത്സമയത്തു സഹതാപത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിനു അടുത്തു ചെല്ലുക (എബ്രായർ 4:14–16).

## ദൈവം ഒരുപ്രതികരണം പ്രതീക്ഷിക്കുന്നു എന്നതു ഉചിതം തന്നെ

നമ്മുടെ ആത്മീയ ക്ഷേമത്തിനു വേണ്ടതെല്ലാം ദൈവം നല്കിയപ്പോൾ വെറും പാവകളായല്ല ദൈവം നമ്മെ സൃഷ്ടിച്ചത്. നാം അനുസരിക്കേണ്ടതിനു നിർദ്ദേശങ്ങളും നല്കി. അതോടൊപ്പം ദൈവം നമുക്കു സ്വതന്ത്ര ചിന്താശക്തിയും നല്കി. സ്വതന്ത്രമായ ധാർമ്മിക പ്രവർത്തിക്കു കാരണഭൂതനാക്കി; തിരഞ്ഞെടുക്കുവാനുള്ള അവകാശം നമ്മിൽ ഉണ്ട്. നമുക്കു വിശ്വസിക്കാം, അവിശ്വസിക്കാം. അനുസരിക്കാം, അനുസരിക്കാതിരിക്കാം. സ്നേഹിക്കാം, സ്നേഹിക്കാതിരിക്കാം.

വിശ്വാസം അടിസ്ഥാനമിടുവാൻ ആവശ്യമായ തെളിവു ദൈവം നല്കിയിട്ടുണ്ട്. അസംഖ്യം മാർഗ്ഗങ്ങളിലൂടെ ദൈവം തന്റെ സ്നേഹം പ്രകടിപ്പിച്ചിട്ടുണ്ട്. ദൈവം നമ്മിൽ നിന്നു *വിശ്വാസത്തിന്റേയും, അനുസരണത്തിന്റേയും, സ്നേഹത്തിന്റേയും* പ്രതികരണം

പ്രതീക്ഷിക്കുന്നതു യുക്തിരഹിതമാണോ?

- *വിശ്വാസം*: എബ്രായർ 11:6 പറയുന്നു, "വിശ്വാസം കൂടാതെ ആർക്കും ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുന്നതല്ല, ദൈവ ത്തിന്റെ അടുക്കൽ വരുന്നവർ ദൈവം ഉണ്ട് എന്നും തന്നെ അന്വേഷിക്കുന്ന വർക്കു പ്രതിഫലം കൊടുക്കുന്നതു എന്നും വിശ്വസിക്കേണ്ടതല്ലോ."
- *അനുസരണം*: എബ്രായർ 5:9 പറയുന്നു "അനുസരണം പഠിച്ചു തികഞ്ഞവനായി തന്നെ അനുസരിക്കുന്നവർക്കു നിത്യ രക്ഷയുടെ കാരണഭൂതനായി തീർന്നു."
- *സ്നേഹം*: 1 യോഹന്നാൻ 4:8 പറയുന്നതു, "സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല, ദൈവം സ്നേഹം തന്നെ."

റോബോട്ടുകളായിട്ടല്ല ദൈവം നമ്മെ സൃഷ്ടിച്ചത്. റോബോട്ടിന്റെ പ്രതികരണം, യാന്ത്രികവും, തന്നെത്താൻ അർത്ഥ രഹിതവുമായും പ്രവർത്തിക്കുന്നു. സ്വതന്ത്ര ചിന്താഗതിയുള്ള കാരണഭൂതന്റെ പ്രതികരണം അർത്ഥവത്താണ്.

ദൈവം നമുക്കു ചെയ്തതെല്ലാം, പരിഗണിക്കുമ്പോൾ അവൻ നമ്മിൽ നിന്നു പ്രതികരണം ആഗ്രഹിക്കുകയും – പ്രതീക്ഷിക്കുകയും – ചെയ്യുന്നതു ഗലാത്യർ 5:6–ൽ: ചുരുക്കി പറഞ്ഞിരിക്കുന്നു. "സ്നേ ഹത്താൽ വ്യപരിക്കുന്ന വിശ്വാസം."

പുതിയ നിയമത്തിൽ, ദൈവം ആഗ്രഹിക്കയും – പ്രതീക്ഷി ക്കയും – ചെയ്യുന്ന പ്രതികരണങ്ങളുടെ വിവരണങ്ങൾ പ്രത്യേകമായി നിറയെ നല്കിയിട്ടുണ്ട്. അതിനാൽ, ഈ പഠനം വളരെ വ്യാ പൃതമാക്കാൻ കഴിയും. എന്നാൽ, ഇപ്പോൾ ഒരു "ചിന്താധാര" കൂടി നല്കി ഈ പഠനം നമുക്കു അവസാനിപ്പിക്കാം.

### ഒരു ദിവസം മനുഷ്യനെ കണക്കു നല്കുവാൻ ദൈവം വിളിക്കും എന്നതു യുക്തിസഹജം തന്നെ

ഈ ജീവിതം മാത്രമല്ല ഉള്ളതെന്നു നമുക്കു ചുറ്റുമുള്ള എല്ലാ യിടത്തും സൂചനകൾ കാണാം. മനുഷ്യ വർഗ്ഗത്തിനെല്ലാം ജന്മനാ അനശ്വരത്വം കാണാം. ദൈവത്തിൽ നിന്നകന്നു പോയ വർക്കു പോലും ഈ ജീവിതത്തിനപ്പുറമായി മറ്റൊന്ന് എന്ന ആശയം ദൈവം നിലനിർത്തിയിരിക്കുന്നു.[7]

ഈ ജീവിതം നമുക്കു ദൈവം നല്കിയതിനെ നാം എങ്ങനെ വിനിയോഗിച്ചു എന്ന കണക്കിനായി ദൈവം വരുവാനുള്ള യോഗ ത്തിന് നമ്മെ വിളിക്കും എന്നു വിശ്വാസിക്കുന്നതു യുക്തി സഹജം തന്നെ. അനുഗ്രഹങ്ങൾ, അവസരങ്ങൾ, വെല്ലുവിളികൾ എല്ലാം അതിൽ പെടും. "വിശ്വസ്തരായ ഗൃഹ വിചാരകന്മാരായി തീരുവാൻ, ദൈവം നമ്മോടു പറഞ്ഞിരുന്നു" (1 കൊരിന്ത്യർ 4:2).

ഈ കണക്കു കൊടുക്കേണ്ട സമയത്തെ കുറിച്ചു ബൈബിൾ പറഞ്ഞിരിക്കുന്നതു "ന്യായവിധിനാൾ" എന്നാണ്. എബ്രായർ 9:27 പറയുന്നു, "ഒരിക്കൽ മരണവും പിന്നെ ന്യായവിധിയും മനുഷ്യർക്കു ദൈവം നിശ്ചയി ച്ചിരുന്നു."

ന്യായവിധി എന്ന ആശയം, യുക്തിസഹജം എന്നു തന്നെ ഞാൻ വിശ്വസിക്കുന്നു, ഈ ജീവിതത്തിൽ പലപ്പോഴും "പുസ്തകങ്ങൾ തുല്യമായി കാണുന്നില്ല." ദുഷ്ടൻ പനപോലെ തഴച്ചു വളരുന്നു; നന്മ പ്രവർത്തിക്കുന്നവൻ പീഢിപ്പിക്കപ്പെടുന്നു. കുറ്റവാളി രക്ഷപ്പെടുന്നു. നിരപരാധി ശിക്ഷിക്കപ്പെടുന്നു. ദൈവം എന്നൊരാൾ ഉണ്ടെങ്കിൽ, തീർച്ചയായും, തെറ്റുകൾക്കു ശിക്ഷ നീതിയ്ക്കു പ്രതിഫലം കിട്ടാതിരിക്കയില്ല.

ഇതിനർത്ഥം, "നാമെല്ലാവരും നാം ചെയ്തതിനു തക്കവണ്ണം പ്രാപിക്കേണ്ടതിനു കണക്കു കൊടുക്കുവാൻ ദൈവമുൻപാകെ നില്ക്കേണ്ടി വരും" (റോമർ 14:12).

**ഉപസംഹാരം**

നമ്മുടെ ചിന്താചങ്ങലയിലെ "കണ്ണികൾ" ഇത വിശ്വസിക്കു ന്നതു: യുക്തി സഹജമാണ് ...

- ഒരു ദൈവമുണ്ട്.
- അവൻ സർവ്വത്തേയും – സൃഷ്ടിച്ചു പ്രത്യേകിച്ചു മനുഷ്യരേയും.
- അവൻ ഒരു വെളിപ്പാട് മനുഷ്യനു നല്കി – അതാണ് ബൈബിൾ.
- അവൻ മനുഷ്യരെ സ്നേഹിക്കയും സഹായിക്കയുംചെയ്യു ന്നു – ക്രിസ്തു മുഖാന്തരം *ആത്മീയമായി* സഹായിക്കുന്നു.
- അവൻ നമ്മിൽ നിന്നു പ്രതികരണം – ആഗ്രഹിക്കയും – പ്രതീക്ഷിക്കയും ചെയ്യുന്നു.
- മനുഷ്യൻ തന്റെ ജീവിതത്തിൽ ലഭിച്ച ഭൗതികവും ആത്മീക വുമായ അനുഗ്രഹങ്ങളും അവസരങ്ങളും എങ്ങനെ വിനിയോഗിച്ചു എന്നതിനു അവസാനം ദൈവത്തോടു മനുഷ്യൻ കണക്കു കൊടുക്കണം.

ആ ദിവസത്തേയ്ക്കു ഒരുങ്ങുവാൻ *നിങ്ങൾ* അവസാനമായി ചെയ്തതെന്താണ്?

നാം ഈ പാഠം അവസാനിപ്പിക്കുന്നതു കൊണ്ടു യേശുവിന്റെ ചോദ്യത്തിലേയ്ക്കു മടങ്ങി വരാം. "മനുഷ്യപുത്രൻ വരുമ്പോൾ, ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ?" നമ്മുക്ക്, എങ്ങനെയായാലും, ചോദ്യം വ്യക്തിപരമാക്കാം: "മനുഷ്യപുത്രൻ വരുമ്പോൾ അവൻ നിങ്ങളുടെ ഹൃദയത്തിൽ വിശ്വാസം കണ്ടെത്തുമോ?" ഇതു, നിങ്ങളുടെ ജീവിതത്തിൽ, വളരെ പ്രധാനപ്പെട്ട ചോദ്യമാണ്.

നിങ്ങൾ ഒരുപക്ഷേ ഇങ്ങനെ നിലവിളിച്ച ഒരു മനുഷ്യനെ പോലെ ആയിരിക്കാം, "കർത്താവേ ഞാൻ വിശ്വസിക്കുന്നു; എന്റെ അവിശ്വാസത്തിന്നു സഹായിക്കേണമേ" (മർക്കൊസ് 9:24). നിങ്ങൾക്കു വിശ്വാസം കുറവാണെങ്കിൽ, അറിവു മാത്രമാണെങ്കിൽ അല്ലെങ്കിൽ പൂർണ്ണമായി ജീവിതം കർത്താവിനു സമർപ്പിക്കൽ കുറവാണെങ്കിൽ, അറിവു മാത്രമാണു ഉളളതെങ്കിൽ എനിക്കു അപേക്ഷിക്കുവാനുള്ളത്, ബൈബിൾ വായിച്ച്, പഠിച്ച്, അനുസരിക്കുക – സ്നേഹത്താൽ വ്യാപരിക്കുന്ന വിശ്വാസം കർത്താവ് വരുമ്പോൾ അവൻ നിങ്ങളിൽ കണ്ടെത്തട്ടെ!

---

കുറിപ്പുകൾ

[1]നമ്മുടെ ലോകം *മുഖ്യമായും* ഒരു ക്രമവും രൂപവുമാണ്. "തിന്മയെന്ന പ്രശ്നത്തെ," നാം കൈകാര്യം ചെയ്യുമ്പോൾ അവിശ്വാസിക്കു വെല്ലുവിളി: എന്നതു വിവരിക്കുക "*നന്മ*യുടെ പ്രശ്നങ്ങൾ." [2]പ്രപഞ്ചത്തെ കുറിച്ചു അടിക്കടി പുതുക്കിക്കൊണ്ടിരിക്കുന്ന സിദ്ധാന്ത "ചക്രം" ഉണ്ട് എന്നു ഞാൻ മനസ്സിലാക്കുന്നു. എന്നാൽ ഇപ്പോൾ അതു പിൻബലമില്ലാത്ത, അറിയപ്പെടുന്ന ശാസ്ത്രത്തിനെതിരായ സിദ്ധാന്തമായി അവശേഷിക്കുന്നു. [3]ഈ ആകർഷണീയമായ ചിന്തയെ മുഴുവനായും ചർച്ചചെയ്യാൻ സമയം അനുവദിക്കുന്നില്ല. എല്ലാം ഉണ്ടാക്കേണ്ടതു പഠിച്ചിട്ടല്ല സ്വാഭാവികമായിട്ടായിരിക്കണം എന്നതാണ് നമ്മുടെ അറിവ് എന്ന് *ദൈവത്തിന്റെ തെളിവുകൾ* എന്നതു എഴുതിയ എഴുത്തുകാരൻ സൂചിപ്പിച്ചിരിക്കുന്നു. ഓരോ കുട്ടിയും ചോദിക്കും, "അതെവിടെ നിന്നുണ്ടായി? ആരാണ് അതുണ്ടാക്കിയതു?" എന്നെല്ലാം. [4]ആയിരക്കണക്കിനു ഡോളർ ചെലവു ചെയ്തുണ്ടാക്കിയ ഒരു സൂത്രം ഒരു ടെലിവിഷൻ ചാനലിൽ അടുത്ത സമയത്തു കാണിക്കയുണ്ടായി. അതു പ്രവർത്തിപ്പിക്കുവാൻ - ധാരാളം പരിശീലനവും പരിചയവും ആവശ്യമാണ്: ഈ സൂത്രത്തിന്റെ ഉപയോഗം റേഡിയോ ആക്ടീവ് ആയിട്ടുള്ള വസ്തുക്കൾ സൂക്ഷിക്ക പാത്രങ്ങളുടെ പൊട്ടിയ കഷ്ണങ്ങൾ പെറുക്കി എടുത്തു കളയുക എന്നത്. അല്ലെങ്കിൽ, മനുഷ്യകൈകൊണ്ടു സാദ്ധ്യമാക്കാവുന്ന പ്രവൃത്തികളിൽ *ഒന്നു* എന്നു പറയാം. [5]ഈ ലോകം, നിത്യതയിലേക്കുള്ള യാത്രയിൽ നിർത്തുന്ന സ്ഥലമാണെന്നു ബൈബിൾ പറയുന്നു; *നാം ഇവിടെ ആയിരിക്കുമ്പോൾ,* തന്നെ നമുക്കു ബൈബിൾ "സമൃദ്ധമായ ജീവൻ" നല്കുന്നു എന്ന വസ്തുത ഇപ്പോഴും നിലനില്ക്കുന്നു. [6]ഈ രാജ്യങ്ങളിൽ, അധികവും ബൈബിൾ കൂടുതലായി സ്വാധീനിച്ചിട്ടില്ല. എങ്കിലും, ബൈബിൾ പ്രാരംഭഘട്ടത്തിൽ തീർച്ചയായും സ്വാധീനം ചെലുത്തിയിട്ടുണ്ട്, തത്വശാസ്ത്ര ജീവിതം രൂപപ്പെട്ടപ്പോഴും ദേശീയ നിർദ്ദേശങ്ങൾ സ്ഥാപിച്ചപ്പോഴും, സത്യവസ്തുത നിലനില്ക്കുക തന്നെയാണ്. [7]മരിച്ചവർക്കു അടുത്ത ജീവിതത്തിൽ ഉപയോഗിക്കുന്നതിനു കല്ലറയിൽ ആഹാരവും മറ്റു വസ്തുക്കളും ഇടുന്ന ആളുകളെ കുറിച്ചു ചിന്തിക്കുക.